(ഇ) കഴിഞ്ഞ 5 വർഷമായി ലഭിച്ച ഭൂവുടമാ വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 1998-99 | 1,66,67,407 |
| 1999-2000 | 54,28,869 |
| 2000-01 | 66,93,847 |
| 2001-02 | 65,60,010 |
| 2002-03 | 89,47,851 |

ഭൂവുടമാ വിഹിതം സംബന്ധിച്ച ഡി. സി. ബി. കണക്കുകൾ റവന്യൂ വകുപ്പിൽ നിന്ന് കൃത്യമായി ലഭിക്കാത്തതിനാൽ കുടിശ്ശിക തുക എത്രയാണ് എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

## ജില്ലാ കേന്ദ്രങ്ങളിൽ ടെക്നോ പാർക്കുകൾ തുടങ്ങാൻ നടപടി

*27 [628] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ ടി. കെ. ബാലൻ:
„ സാജു പോൾ:
„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ടെക്നോപാർക്കിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ;

(ബി) ടെക്നോപാർക്ക് ജില്ലാ കേന്ദ്രങ്ങളിൽ കൂടി ആരംഭിക്കുവാനുള്ള എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(സി) ഇത്തരമൊരു സംരംഭത്തിന് സാധ്യതാ പഠനത്തിന് ജില്ലാ തലത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഏതൊക്കെ ജില്ലകളിലാണ് ടെക്നോപാർക്ക് ആരംഭിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഉള്ളതെന്നും എപ്പോൾ അത് ആരംഭിക്കാനാവുമെന്നും വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വിദേശപങ്കാളിത്തത്തോടുകൂടിയ കമ്പനികൾ ഉൾപ്പെടെ 50 കമ്പനികൾ ഇപ്പോൾ തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമൂലം ഏകദേശം 5000 പേർക്ക് നേരിട്ടും, 750 പേർക്ക് അല്ലാതെയും തൊഴിൽ ലഭ്യമായിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം പുതിയതായി 14 കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും നിലവിലുള്ള 15 കമ്പനികൾ അവരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഏകദേശം 30 കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ കഴിഞ്ഞ വർഷം ഇവിടുത്തെ 40 കമ്പനികളിൽ നിന്നുമായി 117.68 കോടി രൂപയുടെ കയറ്റുമതിയും ഉണ്ടായിട്ടുണ്ട്.

(ബി—ഡി) കിൻഫ്രയുടെ കീഴിൽ എറണാകുളത്ത് കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ ഐ. ടി. അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി ഒരു ഐ. ടി. ബിൽഡിംഗ് നിലവിൽ ഉണ്ട്. ഇവിടെ ഇപ്പോൾ 3 കമ്പനികൾ ഐ. ടി. മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ, എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഐ. ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സെന്റർ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായത്തോടുകൂടി മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ സ്ഥാപിക്കുന്ന ഐ. ടി. ആന്റ് ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

## സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജനം

*28 [629] ശ്രീ. വി. ജെ. പൗലോസ്:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാനസ്വഭാവമുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട്;

(ബി) ഇവ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എന്തെല്ലാം;

(സി) ഇവ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ഡി) ഇവയെ സംയോജിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനുള്ള താമസമെന്തെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. കുഞ്ഞാവിക്കുട്ടി):

(എ) 2001-2002-ലെ ബി.പി.ഇ.-യുടെ അവലോകനറിപ്പോർട്ടനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ വികസനവും അടിസ്ഥാനസൗകര്യവും, സിറാമിക്സ്-റിഫ്രാക്ടറീസ്, കെമിക്കൽ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ്, പ്ലാന്റേഷനും കൃഷി അധിഷ്ഠിതവും, ടെക്സ്റ്റയിൽസ്, തടി അധിഷ്ഠിതം, പരമ്പരാഗത വ്യവസായങ്ങൾ, ട്രേഡിംഗ് യൂണിറ്റുകൾ, വെൽഫെയർ ഏജൻസികൾ, പബ്ലിക് യൂട്ടിലിറ്റി, മറ്റിനങ്ങൾ എന്നിങ്ങനെ വിവിധ ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly